File No.HEDN-L1/346/2019-HEDN

8058
22/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ-കേരള (സിസിഇ-കെ)യിൽ 22 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.120/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 18/02/2021

പരാമർശം:- 1 സ.ഉ (കൈ) നം.2096/2005/ഉവിവ തീയതി 19.12.2005

2 സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ഡയറക്ടറുടെ 21.06.2019, 16.11.2020, 10.02.2021 എന്നീ തീയതികളിലെ സിഇ/ഇ/4189/2015 നമ്പർ കത്തുകൾ.

ഉത്തരവ്

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സിസിഇകെ)യുടെ പരാമർശം 1ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച സ്റ്റാഫ് പാറ്റേണിന്റെയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിലെ ശിപാർശയുടെയും അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ 22 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സൂചന 2ലെ കത്തുകൾ പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സിസിഇകെ) ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സിസിഇകെ)യിൽ ചുവടെ ചേർക്കുന്ന 22 തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | Name of Post | Qualification | Scale of Pay | Method of Appointment | Number of Post |
|---|---|---|---|---|---|
| 1 | Director | | | Appointment by Government | 1 |
| 2 | Finance Officer | | 85000-117600 | Deputation from Finance Department, Govt. Secretariat | 1 |

| | | | | | |
|---|---|---|---|---|---|
| 3 | Administrative Officer | | 77400-115200 | Deputation from General Administration Department, Govt. Secretariat | 1 |
| 4 | Section Head | | 36600-79200 | Deputation from General Administration Department, Secretariat | 3 |
| 5 | Superintendent | | 36600-79200 | Deputation from Government Service | 1 |
| 6 | Accountant | B.Com with Diploma in Computer Application and knowledge in office accounts | 25200-54000 | Direct Recruitment | 1 |
| 7 | PA to Director | Graduation from a recognized University in Kerala. Knowledge in Computer Application & Short hand (lower) in English | 19000-43600 | Direct Recruitment | 1 |
| 8 | Office Assistant | Graduation from a recognized University in Kerala, Diploma in Computer Application (DCA) | 19000-43600 | Direct Recruitment | 2 |

| | | | | | |
|---|---|---|---|---|---|
| 9 | Receptionist | Graduation from a recognized University in Kerala, Knowledge in Computer operation, proficiency in communication skills | 19000-43600 | Direct Recruitment | 1 |
| 10 | Librarian Grade IV | SSLC and Certificate in Library Science issued by Board of Public Exam / A Certificate in Library Science issued by the Kerala Grandhasala Sangham or Equivalent | 22200-48000 | Direct Recruitment | 1 |
| 11 | Driver | SSLC with a valid driving License (LMV) recognized by the Government of Kerala | 18000-41500 | Direct Recruitment | 1 |
| 12 | Security Guard or Watchman | 8th Std pass, Physical Fitness | 19000-43600 - (Security Guard), 16500-35700 (Watchman) | Direct Recruitment | 3 |
| 13 | Office Attendant/ Peon | S.S.L.C with knowledge of cycling with valid two wheeler license | 16500-35700 | Direct Recruitment | 4 |

| | | | | | |
|---|---|---|---|---|---|
| 14 | Sweeper | Ability To read and write | 16500-35700 | | 1 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് (08.02.2021ലെ 1638401/Edn-B2/173/2020-Fin അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഡയറക്ടർ,വെബ് & ന്യൂ മീഡിയ
www.highereducation.kerela.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. എൽ1/346/2019/ഉ.വി.വ. ഇനം നം: 4726

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - സിസിഇകെ - തസ്തിക സൃഷ്ടിക്കുന്നതിനും സ്വാംശീകരിക്കുന്നതിനും, സിസിഇകെ-യിലെ 10 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) മാത്രം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

17/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary
Higher Education & Environment Departments
18/2/21

കേരള സർക്കാർ
ശ്രീ. പിണറായി വിജയൻ മന്ത്രിസഭ
(മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്)

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൽ1/346/2019/ഉവിവ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ് |
| 3 | വിഷയം | : | സിസിഇ കെ - തസ്തിക സൃഷ്ടിക്കുന്നതിനും സ്വാംശീകരിക്കുന്നതിനും , സിസിഇകെയിലെ 10 വർഷത്തെ സർവീസ് പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതും സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25.01.2021 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിൻറ് സെക്രട്ടറിയുടെ പേര് | : | തരുൺ ലാൽ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി. |
| 9 | മന്ത്രിസഭയ്ക്കുള്ള കർട്ടുകുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13 .02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട്ടുകുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. കെ.റ്റി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട്ടുകുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ (സി.സി.ഇ.കെ) തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്വാംശീകരിക്കുന്നതിനും , സി.സി.ഇ.കെ.യിലെ 10 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ് .

2) സ.ഉ (കൈ) നം. 2096/2005/ ഉവിവ തീയ്യതി 19.12.2005 പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ (സിസിഇകെ) ചുവടെ പറയുന്ന സ്റ്റാഫ് പാറ്റേൺ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

### CENTRE FOR CONTINUING EDUCATION KERALA
### STAFF PATTERN

**A. Administration**

| Sl.No: | Name of Post | Qualification | Method of appointment | Scale of Pay | Number of Posts |
|---|---|---|---|---|---|
| (01) | (02) | (03) | (04) | (05) | (06) |
| i | Director | | By Government | | 1 |
| ii | Administrative Officer | Not below the rank of a District Officer of the Government of Kerala with knowledge in office administration budgeting & accounts - with graduation from a recognized University in Kerala | On contract from among competent Retired Officers | On Contract | 1 |
| iii | Superintendent | Graduation from a recognized University in Kerala & Knowledge in Computer Application / Operation | By promotion from among the qualified Accountant / Office Assistant or on Contract from among competent retired officers not below the rank of a Gazetted Officer of the Government of Kerala with knowledge in office work and accounting with computer operation | On Contract | 1 |
| iv | Accountant | B.Com with Diploma in | By promotion | 4000-6090 | 1 |

| | | | | | |
|---|---|---|---|---|---|
| | | Computer application and knowledge in office accounts | from among qualified Office Assistant or by direct recruitment | | |
| v | Office Assistant | Graduation from a recognized University in Kerala . Diploma in Computer Application (DCA) | Direct Recruitment | 3050-5230 | 1 |
| vi | Computer Operator | Graduation from a recognized University in Kerala with PGDCA /DCA | Direct Recruitment | 3050-5230 | 3 |
| vii | Receptionist | Graduation from a recognized University in Kerala . Knowledge in computer operation , proficiency in Communicative skills | Direct Recruitment | 3050-5230 | 1 |
| viii | PA to the Director | Graduation from a recognized University in Kerala . Knowledge in computer Application & shorthand (Lower) in English | Direct Recruitment | 3050-5230 | 1 |
| ix | Driver | SSLC with a valid driving License (LMV) recognized by the Government of Kerala | Direct Recruitment | 3050-5230 | 1 |
| X | Peon | SSLC with knowledge of cycling with valid two wheeler license | Direct Recruitment | 2610-3680 | 2 |
| xi | Night Watchman | Standard VIII, Physical Fitness | On contract | | 1 |
| XII | Part-time Sweeper | Physical Fitness | On contract | | 1 |

3) സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ നിലവിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻെറ വർക്ക് സ്റ്റഡി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ , സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ നിലവിൽ അത്യാവശ്യമുള്ള 22 തസ്തികകൾ സൃഷ്ടിക്കുന്നതിന് ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി.

4) P & ARD നടത്തിയ വർക്ക് സ്റ്റഡിയുടെ സമയത്ത് ചുവടെ പറയുന്ന സ്ഥാപനങ്ങൾ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്നു.

1) College of Engineering , Munnar
2) Institute of Fashion Technology , Kerala , Kollam
3) Kerala State Civil Service Academy , TVM
4) Institute of Carrier Studies & Research Centre , Ponnani
5) Kerala State Civil Service Academy Sub centre , Palakkad
6) Kerala State Civil Service Academy Sub centre , Kozhikkod
7) Kerala State Civil Service Academy Sub centre , Muvattupuzha

5) ഇതിൽ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ 22 തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ ആണ് ഡയറക്ടർ , സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരള സമർപ്പിച്ചിരിക്കുന്നത് (അനുബന്ധം I) .

6) 29.09.2020 ൽ ചേർന്ന സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ 19 ാം മത് ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിലെ 15 താല്ക്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാവാൻ തീരുമാനിക്കുകയുണ്ടായി (അനബന്ധം II ) .

7) സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ തസ്തിക സൃഷ്ടിക്കുന്നതിനും,സിസിഇകെയിലെ 10 വർഷം സേവനം പൂർത്തിയാക്കാത്തവരെ 15 താൽക്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിനും/ലയിപ്പിക്കുന്നതിനായും, റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ചും അഭിപ്രായത്തിനായി. ഫയൽ ധനകാര്യ വകുപ്പിനയക്കുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിക്കുകയുമുണ്ടായി.

"Administrative Department is informed that the proposal for regularization of 15 temporary employees in CCEK cannot be considered as it be in violation of directions of the Hon'ble Supreme Court in State of Karnataka vs Umadevi case. It is also informed that, AD may be placed the proposal for regularisation before Cabinet, if required.
This has the approval of Hon'ble Minister (Finance). "

8 ) സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിലെ ജീവനക്കാരെ റെഗുലറൈസ് ചെയ്യാനുള്ള നിർദ്ദേശം ,ആവശ്യമെങ്കിൽ മന്ത്രിസഭയുടെ മുമ്പാകെ വയ്ക്കാൻ ധനകാര്യ വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിനെ അറിയിച്ചിരുന്നു മേൽ പരാമർശിച്ച കോടതി കേസിന്റെ വെളിച്ചത്തിൽ, 10 വർഷമോ അതിൽ കൂടുതലോ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സിസി.ഇ.കെ.യിലെ 15 ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയക്കുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിക്കുകയുമുണ്ടായി.

"പബ്ലിക്ക് എംപ്ലോയ്മെന്റിൽ കീഴിൽ വരുന്ന തസ്തികകളിലേക്ക് വ്യവസ്ഥാപിതമായ രീതിയിൽ നിയമനം നടത്താതെ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലും തുടർന്നുവരുന്ന താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്ന ഭരണഘടനാ ഉറപ്പ് നൽകുന്ന അവസര സമത്വം തുല്യനീതി തുടങ്ങിയ മൗലിക തത്വങ്ങൾക്ക് എതിരാണ് എന്നാണ് Secretary ,State of Karnataka Vs .Umadevi & Others എന്ന കേസിൽ ബഹു.സുപ്രീം കോടതി വിധിച്ചിട്ടുള്ളത്. പ്രസ്തുത കേസിൽ ടി വിധിന്യായം പുറപ്പെടുവിച്ച തീയതിയിൽ ഫയലിലെ താൽക്കാലികമായി തുടർന്നുവരുന്ന 10 വർഷത്തെ സേവനം പൂർത്തിയാക്കിയവരെ ചില നിബന്ധനകൾക്ക് വിധേയമായി ഒറ്റതവണയാക്കി സ്ഥിരപ്പെടുത്തുന്നതിനു ബഹു.കോടതി അനുമതി നൽകിയിരുന്നത്. നിലവിലെ ഫയലിലെ വിഷയത്തിൽ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് സൃഷ്ടിക്കപ്പെടുന്നതോടു കൂടി വ്യവസ്ഥാപിതമായ രീതിയിൽ മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളുതുല്യ യോഗ്യതയുള്ളവർക്ക് അവസര സമത്വം നൽകിക്കൊണ്ടും സംവരണ തത്വം ബാധകമായ ഇടങ്ങളിൽ അത് പാലിച്ചുകൊണ്ട് വേണം നിയമനം നടത്തേണ്ടത് എന്ന കാര്യം ഭരണ വകുപ്പിനെ അറിയിക്കുന്നു."

9) അനുബന്ധം II ൽ പറഞ്ഞിരിക്കുന്ന ജീവനക്കാരെ Proper Recruitment Procedure മുഖാന്തിരം അല്ല തിരഞ്ഞെടുത്തിരിക്കുന്നത്. സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ 10 വർഷം സേവനം പൂർത്തിയാക്കാത്ത 7 ജീവനക്കാരും അവരുടെ സേവനം റെഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷിച്ചിട്ടുണ്ട് (Annexure III) . ഇവരിൽ പലർക്കും സർക്കാർ സർവീസിൽ റെഗുലർ നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞു പോയവരാണെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്

10) ധനകാര്യ വകുപ്പിന്റെയും, നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ,സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ തസ്തിക സൃഷ്ടിക്കുന്നതിനും,സി.സി.ഇ.കെ.യിലെ 15 താൽക്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിനും/ലയിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനത്തിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു.മുഖ്യമന്ത്രി ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ നിർദേശിച്ചു.

11) മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി ഫയൽ സമർപ്പിച്ചപ്പോൾ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായാൻ ഉന്നത തലത്തിൽ നിർദേശിക്കുകയും,അപ്രകാരം ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിക്കുകയുമുണ്ടായി

*"AD is informed that, these are not teaching posts but of supporting staff. The AD should consider outsourcing such functions. "*

12) എന്നാൽ, 8.2.2021 ലെ ധനകാര്യ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ് പ്രകാരം ,സി.സി.ഇ.കെ യിൽ 22 തസ്തികകൾ സൃഷ്ടിക്കുന്നതിനും,10 വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ പ്രസ്തുത ജീവനക്കാർ ജോലിചെയ്യുന്ന അതാത് തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിനും മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിന് വിധേയമായി അനുമതി നൽകാവുന്നതാണ് എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

13) എന്നാൽ മേൽ ഖണ്ഡിക (11)ലെ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോട് യോജിക്കുന്നതായി അഡിഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിരിക്കുന്നു.

<u>തീരുമാനിക്കേണ്ട വിഷയം:</u>

(I) സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരള ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അനുബന്ധം I ആയി ചേർത്തിരിക്കുന്ന 22 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നല്കാമോ?

(ii) സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ അനുബന്ധം II ആയി ചേർത്തിരിക്കുന്ന 15 താല്ക്കാലിക ജീവനക്കാരെ നിയമവകുപ്പിന്റെ അഭിപ്രായം മറികടന്നു അവർ നിലവിൽ തുടരുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകാമോ?